പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ : 1738 — 06.07.2015 ലെ മറുപടിയ്ക്ക്

## തീരദേശ നിയന്ത്രണ വിജ്ഞാപന ഭേദഗതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. റ്റി. വി. രാജേഷ്: | ശ്രീ. ഉമ്മൻ ചാണ്ടി (മുഖ്യമന്ത്രി) |
| (എ) തീരദേശ സംരക്ഷണ നിയമമനുസരിച്ച് കെട്ടിട നിർമ്മാണത്തിന് അനുമതി നൽകുന്നതിനുള്ള വ്യവസ്ഥകൾ എന്തെല്ലാമാണ്; | (എ)തീരദേശ സംരക്ഷണ നിയമമനുസരിച്ച് കെട്ടിട നിർമ്മാണത്തിന് അനുമതി നൽകുന്നതിന് കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ 2011 ലെ വിജ്ഞാപനം പ്രകാരം താഴെപറയുന്ന വ്യവസ്ഥകൾ ബാധകമാണ്.<br><br>**സി.ആർ.ഇസഡ് - I** മേഖലയിൽ പുതിയ നിർമ്മാണം അനുവദനീയമല്ല.<br><br>**സി.ആർ.ഇസഡ് - II** ൽ(നഗരപ്രദേശങ്ങളിൽ) നിലവിലുള്ള (19.02.1991) കെട്ടിടത്തിന്റെയോ, റോഡിന്റേയോ കരഭാഗത്ത് പുതിയ കെട്ടിടം നിർമ്മിക്കാം.<br><br>**സി.ആർ.ഇസഡ് - III** (ഗ്രാമപ്രദേശങ്ങളിൽ) കടലിന്റെയും വേലിയേറ്റ സ്വാധീനമുള്ള ഉൾനാടൻ ജലാശയങ്ങളുടെ ഇരുകരകളിലും വേലിയേറ്റരേഖ മുതൽ നൂറ് മീറ്റർ വരെ പുതിയ നിർമ്മിതികൾ സാധ്യമല്ല. എന്നാൽ നിലവിലുള്ള തറ വിസ്തീർണ്ണം വർദ്ധിക്കാതെ പുനർനിർമ്മാണം അനുവദിക്കാം. കടലിന്റെ വേലിയേറ്റ രേഖയിൽ നിന്നും നൂറ് മീറ്റർ കഴിഞ്ഞ് 200 മീറ്റർ വരെ തദ്ദേശവാസികൾക്ക് ചില നിയന്ത്രണങ്ങൾക്ക് വിധേയമായി പുതിയ നിർമ്മാണം അനുവദിക്കാം വേലിയേറ്റരേഖയിൽ നിന്നും 200 മീറ്റർ - 500 മീറ്റർ പരിധിയിൽ പുതിയ നിർമ്മാണം (വീടുകൾ) അനുവദിക്കും. ഇവിടെ ടൂറിസവും ചില നിബന്ധനകൾക്ക് വിധേയമായി അനുവദിക്കാം. കേരളത്തിലെ കായൽ ദ്വീപുകളിൽ സി.ആർ.ഇസഡ് മേഖല 50 മീറ്റർ മാത്രമേ ഉള്ളൂ. |
| (ബി)വീട് വയ്ക്കാൻ വേറെ സ്ഥലമില്ലാത്ത പാവപ്പെട്ടവർക്ക് എന്തെങ്കിലും ഇളവ് ഈ നിയമത്തിലുണ്ടോ എന്നറിയിക്കുമോ ;ഇവർക്ക് വീട് നിർമ്മാണത്തിന് ഇളവ് നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദാംശം നൽകാമോ? | (ബി) നിലവിലുള്ള നിയമത്തിൽ ഇളവില്ല. സംസ്ഥാന സർക്കാർ ചില ഇളവുകൾക്ക് വേണ്ടി കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ